## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 938        02.12.2015-ൽ മറുപടിക്ക്

### ആലപ്പുഴ നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ആലപ്പുഴ നഗരത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ആലപ്പുഴ നഗരത്തിലെ കുടിവെള്ള പദ്ധതി കുഴൽ കിണറുകൾ സ്രോതസ്സായിട്ടുള്ളവയാണ്. ഭൂഗർഭ ജലവിതാനം ദിവസേന താഴ്ന്നു വരുന്നതിനാലും കുഴൽ കിണറുകൾ കാലക്രമത്തിൽ അറ്റകുറ്റപ്പണികൾ നടത്താൻ പറ്റാത്ത വിധം ഉപയോഗ ശൂന്യമായി പോകുന്നതിനാലും നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. നിലവിൽ 38 കുഴൽ കിണറുകളിൽ നിന്നായി നഗരത്തിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. കാലാകാലങ്ങളിൽ വിതരണ കുഴലുകൾ വിവിധ പ്രദേശങ്ങളിലേയ്ക്ക് ദീർഘിപ്പിക്കുന്നതിനാൽ കുടിവെള്ളത്തിന്റെ ആവശ്യകത ദിവസേന ഉയർന്നു വരുന്നു. ഇപ്രകാരം ഉണ്ടാകുന്ന കുടിവെള്ള ദൗർലഭ്യം പുതിയ കുഴൽ കിണറുകൾ സ്ഥാപിച്ചും, പുതിയ പമ്പ് സെറ്റുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചും പരിഹരിച്ച് വരുന്നു. എന്നിരുന്നാലും പ്രവൃത്തി നടന്നു വരുന്ന ആലപ്പുഴ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരമാകുന്നതാണ്. |

(ബി) ആലപ്പുഴ നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മാലിന്യം കലരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ബി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ നഗരത്തിലെ ട്യൂബ് വെൽ-കളിൽ മലിനജലമാണ് ലഭിക്കുന്നതെന്ന പരാതിയുള്ള പ്രദേശങ്ങളിലെയും ജല സാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ മുഖേന പരിശോധിച്ചതിൽ, ട്യൂബ് വെല്ലിലെ ജലത്തിൽ മാലിന്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ നഗരത്തിലെ എം.ഒ വാർഡ്, സ്റ്റേഡിയം വാർഡ് എന്നീ പ്രദേശങ്ങളിൽ അഴുക്കും കലക്കലും കണ്ടതിനെ തുടർന്ന് ഉടൻ തന്നെ കുടിവെള്ള വിതരണ പൈപ്പ് ലൈനുകളിലും ഉന്നതതല ജല സംഭരണികളിലും സൂപ്പർ ക്ലോറിനേഷൻ നടത്തുകയും വാൽവുകൾ തുറന്ന് വിതരണ ശൃംഖലയിലെ പൈപ്പ് ലൈനുകൾ വൃത്തിയാക്കുകയും ചെയ്തു. തുടർന്ന് പൈപ്പ് ലൈനുകളിൽ അഴുക്ക് വെള്ളം കലരുന്നതിനുള്ള സാധ്യത വിശദമായി പരിശോധിക്കുകയും കണ്ടെത്തിയ എല്ലാ പൈപ്പ് ലീക്കുകളും പരിഹരിക്കുകയും ചെയ്തു. ഭൂമിക്കടിയിൽ തോടുകളും, കാനകളും പൈപ്പ് ലൈൻ ക്രോസ് ചെയ്യുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ തെളിച്ച് പരിശോധിച്ച് തകരാറുകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു വരുന്നു. ഈ പ്രശ്നത്തിന് പരിഹാരമാകുന്നത് വരെ ടി പ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കറിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ